**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2260** **14-10-2024 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി സാധനങ്ങളുടെ വാങ്ങൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിക്ക് സാധനങ്ങൾ വാങ്ങുന്നതിന് 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ സാധനങ്ങൾ വാങ്ങുന്നതിന് 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിക്ക് സാധനങ്ങൾ വാങ്ങിയതിൽ സംസ്ഥാന സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ; അതിലേക്ക് നയിച്ച കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; അതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ്, ഓംബുഡ്സ്മാൻ എന്നിവരുടെ റിപ്പോർട്ട് ഉണ്ടായിട്ടുണ്ട്. റിപ്പോർട്ടുകൾ വളരെ ഗൗരവത്തോടെ ആണ് കാണുന്നത്. സോഷ്യൽ ഓഡിറ്റ്, ഓംബുഡ്സ്മാൻ അവാർഡ്, മറ്റു അന്വേഷണ റിപ്പോർട്ടുകൾ എന്നിവയിൽ സാധന സാമഗ്രികളുടെ വാങ്ങൽ, ഉപയോഗം എന്നിവ സംബന്ധിച്ച് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ള കേസുകളിൽ ബന്ധപ്പെട്ടവരിൽ നിന്നും നഷ്ട തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം മാത്രം ഇതേ വരെ 2,82,194/- രൂപ തിരിച്ചു പിടിച്ചിട്ടുണ്ട്. |
| (സി) | പരമാവധി ചില്ലറ വിലയേക്കാൾ (എം.ആർ.പി) തുക നൽകി 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങൾ വാങ്ങിയിട്ടുണ്ടെന്നും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും | (സി) | മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് അപ്രകാരം 36,201/- രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |

(എ) ഉത്തരത്തിലെ പട്ടിക:

| Financial Year | Fund Released (Rs. in Lakh) | | Total |
|---|---|---|---|
| | Material (Central) | Material (State) | |
| 2023-24 | 37217.37 | 12405.79 | 49623.1 |
| 2024-25 | 46048.63 | 15349.54 | 61398.1 |

| | | | |
|---|---|---|---|
| | അപ്രകാരം വാങ്ങിയ സാധനങ്ങളുടെ തുക എത്രയാണെന്നും അറിയിക്കാമോ; | | |
| (ഡി) | തൊഴിലുറപ്പ് പദ്ധതിയിൽ ജി.എസ്.ടി ബില്ല് ഹാജരാക്കാത്ത കരാറുകാർക്ക് 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാർ തുക നൽകിയിട്ടുണ്ടെന്നും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അപ്രകാരം നൽകിയ തുക എത്രയാണെന്നും അറിയിക്കാമോ? | (ഡി) | 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനം അപ്രകാരം തുക നല്കിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ